# അനുതാപം വൈകരുത്

## മത്തായി 27:4

**"ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചു കൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു; അത് ഞങ്ങൾക്ക് എന്ത് നീ തന്നെ നോക്കിക്കൊൾക എന്ന് അവർ പറഞ്ഞു"**

യേശുവിനെ ശിക്ഷക്കു വിധിച്ചു എന്ന് കണ്ടിട്ട് അവനെ ഒറ്റിക്കൊടുത്ത യൂദാസ്, അനുതാപത്തോടെ താൻ വാങ്ങിയ മുപ്പതുവെള്ളിക്കാശുമായി മഹാ പുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടങ്ങി വന്ന് അവരോടു സംസാരിക്കുന്ന ഭാഗമാണ് നാം മേൽ വായിച്ചു കേട്ടത്. താൻ ചെയ്ത പ്രവർത്തിയെ ഓർത്ത് അനുതപിക്കുന്ന ഒരു യൂദാസിനെയാണ് നാം ഇവിടെ കാണുന്നത്. എന്നാൽ അവന്റെ അനുതാപം അവനെ രക്ഷയിലേക്ക് നയിച്ചില്ല എന്ന് നാം കാണുന്നു. കാരണം അവൻ അനുതാപഹൃദയത്തോടെ ആരുടെ അടുക്കലേക്ക് ഓടിയോ അവർ അവനെ 'നീ തന്നെ നോക്കിക്കൊൾക' എന്നു പറഞ്ഞ് കയ്യൊഴിയുകയും, തുടർന്ന് യൂദാസ് കുറ്റബോധം കൊണ്ട് അവന്റെ ജീവിതം അവസാനിപ്പിക്കുന്നതായും നാം കാണുന്നു. ഈ അനുതാപഹൃദയവുമായി യൂദാസ് തന്റെ ഗുരുവിങ്കലേക്കു പോയിരുന്നെങ്കിൽ അവന്റെ അനുഭവം മറ്റൊന്നാകുമായിരുന്നില്ലേ?

തന്റെ ശിഷ്യൻ തന്നെ ഒറ്റിക്കൊടുക്കും എന്ന് അറിയാമായിരുന്ന ഗുരുനാഥൻ യൂദാസിന് അനേകം അവസരങ്ങൾ നൽകുന്നതായി നാം വചനത്തിൽ കാണുന്നു. എന്നാൽ അതൊന്നും അവൻ കൂട്ടാക്കിയില്ല. ഒടുവിൽ അവന്റെ കുറ്റബോധം അവനെ നാശത്തിലേക്ക് നയിക്കുന്നതായി നാം കാണുന്നു. ദൈവപൈതലെ, നമ്മുടെ ജീവിതത്തിൽ ഈ ഒരു തെറ്റ് ആവർത്തിക്കപ്പെടരുത്. കാൽവറി ക്രൂശിൽ നമ്മുടെ പാപങ്ങൾക്കായി യാഗമായി തീർന്നവൻ നമുക്ക് അനേകം അവസരങ്ങൾ തരുമ്പോൾ, അത് കാണാതെ, ഗൗനിക്കാതെ, കുറേക്കൂടി ലോകസുഖങ്ങൾ ആസ്വദിച്ചതിനു ശേഷം മനം തിരിയാം എന്ന് വിചാരിക്കരുത്. അതു പോലെ തന്നെ നമ്മെ രക്ഷിപ്പാൻ ആകാശത്തിൻ കീഴെ, ഭൂമിക്കു മീതെ യേശു അല്ലാതെ മറ്റൊരു വ്യക്തിക്കും സാധ്യമല്ല എന്നും, യൂദാസ് അനുതാപത്തോടെ ഓടിയെത്തിയത് യേശുവിന്റെ അടുത്തേക്കായിരുന്നുവെങ്കിൽ, അവന്റെ തെറ്റ് ക്ഷമിക്കപ്പെടുമായിരുന്നു എന്നും നാം എപ്പോഴും ഓർക്കണം.

അതുകൊണ്ട് നമ്മുടെ പാപങ്ങൾ എത്ര വലുതായാലും യഥാർത്ഥമായ അനുതാപത്തോടെ യേശുവിന്റെ അടുക്കലേക്ക് അണയുമെങ്കിൽ അവൻ നമ്മെ നിത്യനാശത്തിൽ നിന്ന് നിത്യരക്ഷയിലേക്ക് നയിക്കും. കൂടെ നടന്ന് യേശുവിനെ അടുത്തറിഞ്ഞ യൂദാസിന് പറുദീസയുടെ അനുഭവം നഷ്ടപ്പെട്ടപ്പോൾ, അർഹമായ ശിക്ഷക്ക് വിധിക്കപ്പെട്ട

കള്ളന്മാരിലൊരുവൻ, യേശുവിന്റെ സ്നേഹം തിരിച്ചറിഞ്ഞ്, അവനോട് അപേക്ഷിച്ച അവസാന നിമിഷത്തിൽ അവന്റെ വിധി മാറ്റിയെഴുതപ്പെടുന്നതായും, നിത്യനാശത്തിലേക്ക് പോകേണ്ടിയിരുന്നവൻ പറുദീസയുടെ അനുഭവത്തിലേക്ക് കടക്കുന്നതായും നാം കാണുന്നു. അതു കൊണ്ട് ദൈവത്തിങ്കലേക്ക് തിരിയാൻ ഒട്ടും വൈകരുത്. നമ്മുടെ സ്നേഹവാനായ പിതാവ് നമ്മെ രക്ഷിക്കാനായ് കാത്തിരിക്കുന്ന ദൈവമാണ്. കുറ്റബോധമല്ല യഥാർത്ഥ പശ്ചാതാപത്തോടെ യേശുവിന്റെ അടുക്കലേക്ക് മാത്രം പോകുക. അവൻ നമ്മെ കൈവിടില്ല. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

**യോഹന്നാൻ 5:14**

എങ്കിലും ജീവൻ പ്രപിക്കേണ്ടതിന്ന് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്ക് മനസ്സില്ല

**സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 081**